# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി.5/1797/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20
ഫോൺ. 0495-2371012
E-mail: dokkd.ksad@kerala.gov.in

തീയ്യതി : 20.09.2017

ഡപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ.ഡി/പി5/1797/2017 തീയതി: 20.09.2017

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ
2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ്
കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തികനിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08.10.2016 മുതൽ 11.08.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിട്ടുള്ളത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.വിനോദ് ശ്രീധർ. കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.08.2017 മുതൽ 22.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.ഹരി.കെ.പി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.സതീഷ് കുമാർ.സി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഡാനിഷ്.ഇസഡ്. | ഓഡിറ്റർ |
| ശ്രീ.ശ്രീജിത്ത്.കെ.വി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.മോഹനൻ. | 1.4.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | അബ്ദുൾ സലാം | 01.04.2016 മുതൽ 9/08/2016 വരെ. |
| | രാജൻ കെ. എം,<br>(സെക്രട്ടറി ചാർജ്ജ്) | 10/08/2016 മുതൽ 15/08/2016,<br>22/12/2016 മുതൽ 31/12/2016 വരെ |
| | അനിൽകുമാർ നൊച്ചിയിൽ | 16/08/2016 മുതൽ 21/12/2016,<br>01/01/2017 മുതൽ 31/03/2017 വരെ. |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗ പേര് | പേര്, | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | സിമി ബാസ്കർ, എ.ഇ | 01/04/2016 മുതൽ 31/03/2017 |
| വെറ്ററിനറി സർജൻ | ഡോ. സുനിൽകുമാർ, വെറ്ററനറി സർജ്ജൻ | 01/04/2016 മുതൽ 31/03/2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ ) | ഡോ. നഫീസ. | 01/04/2016 മുതൽ 31/03/2017 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. പി.കെ ഉസ്മാൻ, | 01/04/2016 മുതൽ 31/03/2017 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. സാജിത | 01/04/2016 മുതൽ 31/03/2017 |
| വി.ഇ.ഒ | അരുൺ | 01/04/2016 മുതൽ 18/12/2016 |
| | ഷൈലേഷ്കുമാർ | 19/12/2016 മുതൽ 31/03/2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | പ്രസന്ന | 01/04/2016 മുതൽ 07/09/2016 |
| | നസീമ | 08/09/2016 മുതൽ 21/09/2016 |
| | ദാക്ഷായണി | 22/09/2016 മുതൽ 17/03/2017 |
| | ഷബ്ന | 18/03/2017 മുതൽ 31/03/2017 |

| | | |
|---|---|---|
| കൃഷി ഓഫീസർ | അനില ടി.ശശി, | 19/12/2015 മുതൽ 14/06/2016 |
| | ഡോണ കരുപ്പള്ളി | 15/06/2016 മുതൽ 30/11/2016 |
| | നീതു ചന്ദ്ര | 01/12/2016മുതൽ 27/02/2017 |
| | മൃദുൽ വിനോദ് | 28/02/2017 മുതൽ 31/03/2017 |
| പ്രധാനാദ്ധ്യാപകൻ | കെ.വി ശശി, ഹെഡ്മാസ്റ്റർ | 01/04/2016 മുതൽ 31/03/2017 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |

| | | |
|---|---|---|
| ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | സാംഖ്യാധിഷ്ഠിത വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 2-2 | വസ്തു നികുതി-പൊതു അപാകതകൾ |
| 13 | 2-3 | പുഴ-പുറമ്പോക്കുകളെ സംബന്ധിച്ച രേഖകളില്ല. |
| 14 | 2-4 | രസീത് പിരിവ് പഞ്ചായത്തിൽ അടവാക്കിയില്ല. |
| 15 | 2-5 | തൊഴിൽ നികുതി അപാകതകൾ |
| 16 | 2-6 | വാടകമുറി മേൽവാടകയ്ക്ക് നൽകി |
| 17 | 2-7 | ബിൽഡിംഗ് പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് |
| ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | 3-1 | ഹോമിയോ ആശുപത്രിക്ക് മരുന്നവാങ്ങൽ:അപാകതകൾ |
| 19 | 3-2 | തുക കൈപ്പറ്റിയതിന് രേഖകളില്ല |
| 20 | 3-3 | എസ്.എസ്.എ വിഹിതം:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 21 | 3-4 | ഐ.എ.വൈ വിഹിതം:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 22 | 3-5 | കന്നുകുട്ടി പരിപാലനം:തുക നൽകിയതിനും തുക വിനിയോഗിച്ചതിനും രേഖകളില്ല |
| 23 | 3-6 | റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധികനിരക്ക് നൽകി |
| 24 | 3-7 | ജീവനക്കാരുടെ എസ്.എൽ.ഐ. പ്രീമിയത്തിൽ കുറവ് |
| 25 | 3-8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 26 | 3-9 | ഫണ്ട് വിനിയോഗത്തിൽ വീഴ്ച |

| | | |
|---|---|---|
| 27 | 3-10 | തെരുവ് വിളക്ക്,തെരുവ് ടാപ്പ്- സംയുക്ത പരിശോധന നടത്തിയില്ല. |
| ഭാഗം 3<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 28 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 29 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 30 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 31 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 32 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 33 | 4-6 | ഓഡിറ്റ് റിക്കവറി |
| 34 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 35 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 36 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 37 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 25.03.2017 തിയതിയിലെ 76/16-17 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 31-07-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 18-08-2017 | |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| മുന്നിരിപ്പ് | 17400836 |
|---|---|
| വരവ് | 48492196 |
| ആകെ | 65893032 |
| ചെലവ് | 43546958 |
| നിക്കീയിരിപ്പ് | 22346074 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 14103676 | 14103676 | 12410211 | 1693465 | 77.86 |
| വികസനഫണ്ട് എസ്.സി.പി | - | 2540178 | 2540178 | 850000 | 1690178 | 33.46 |
| വികസനഫണ്ട് ടി.എസ്.പി | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് | - | 5954118 | 5954118 | 3949957 | 2004161 | 66.33 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 3858558 | 3858558 | 3004621 | 853937 | 77.86 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 7909260 | 7909260 | 5308249 | 2601011 | 67.11 |
| പെർഫോമൻസ് ഗ്രാന്റ് | - | 4561707 | 4561707 | 131062 | 3341994 | 2.87 |
| എം.എൻ.ആർ.ഇ.ജി.എസ് | - | 19219120 | 19219120 | 18289084 | 930036 | 95.00 |
| ബി ഫണ്ട് | - | 5313943 | 5313943 | 5313943 | - | 100.00 |

| | | | | | | |
|---|---|---|---|---|---|---|
| മറ്റുള്ളവ | | | | | | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 208 | 75232888 | 108 | 31005623 | 18 | 82 | 51.9 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. ഇല്ല

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 42 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3338827 | 5013056 | 1674229 | +50 |
| നികുതിയേതര വരവുകൾ | 747515 | 814261 | 66746 | +8.92 |
| ആകെ | 4086342 | 5827317 | 1740975 | +42 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 318120 | 153 |
| കർഷകതൊഴിലാളി വേതനം | 10248390 | 1085 |
| വിധവാ പെൻഷൻ | 14823435 | 1243 |
| വാർദ്ധക്യകാലപെൻഷൻ | 20771225 | 1875 |
| വികലാംഗപെൻഷൻ | 4713065 | 481 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത പെൻൻ | 399170 | 38 |
| വിധവകളുടെ | 120000 | 4 |

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| പെൺമക്കളുടെ വിവാഹധനസഹായം | | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന വൈകീട്ട് 1.08.2017 വൈ03.30-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 13419,(പതിമൂന്നായിരത്തി നാന്നൂറ്റി പത്തൊൻപത് രൂപ ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.08.2017 | 2017 ജൂൺ മാസം വരെ | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 1997-98 മുതൽ 2005-06 വരെ | ലഭ്യമല്ല |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യാധിഷ്ഠിത വാർഷിക കണക്കുകളിലെ അപാകതകൾ

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷികധനകാര്യ പത്രിക,അനുബന്ധ പത്രികകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചു.താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾ പരിഹരിക്കേണ്ടതാണ്.

1) ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ,ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.ഓരോ മാസാന്ത്യവും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.

2) ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി-അക്കൗണ്ട് കോഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി വർഷാരംഭത്തിൽ പ്രൊവിഷൻ പ്രകാരമുള്ള തുക സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ബജറ്റ് പ്രകാരമുള്ള ചെലവ് പരിധികളെ നിയന്ത്രിക്കുന്നതിനോ നിരീക്ഷിക്കുന്നതിനോ സഹായമാകുന്ന തരത്തിലുള്ള റിപ്പോർട്ടുകൾ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്നില്ല.

3) പദ്ധതി മുഖേനയല്ലാതെയുള്ള ആസ്തി സമാഹരിക്കലിന്റെ ചെലവ് മൂലധന ചെലവായി രേഖപ്പെടുത്തപ്പെടുകയോ ആസ്തി മൂല്യത്തിൽ പ്രതിഫലിക്കപ്പെടുകയോ ചെയ്യപ്പെടുന്നില്ല. ഉദാ- വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നിർവ്വഹണാധികാരികൾ ജനറൽ പർപസ്/തനത് ഫണ്ടുപയോഗിച്ച് വാങ്ങുന്ന ഒരു ഓഫീസ് ഉപകരണം ഓഫീസ് ചെലവായാണ് സാംഖ്യയിൽ രേഖപ്പെടുത്തുന്നത്.

സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേക്ക് മാറുന്ന തീയ്യതി വരെയുള്ള പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല.ഇക്കാരണത്താൽ പഞ്ചായത്തിന്റെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ആസ്തിയുടെയും ബാദ്ധ്യതകളുടെയും മൂല്യം ബാലൻസ് ഷീറ്റിൽ പ്രതിഫലിപ്പിക്കപ്പെടുന്നില്ല.

4) വാറ്റ്, ആദായനികുതി, നിർമ്മാണതൊഴിലാളി ക്ഷേമനിധി എന്നീ ഇനങ്ങളിൽ പിരിച്ചെടുത്ത തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികളുടെ ഐടി,വാറ്റ്,ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

5) ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6) പഞ്ചായത്തിൽ വിന്യസിച്ചിട്ടുള്ള മുഴുവൻ സോഫ്റ്റ്‌വെയറുകളുമായി സാംഖ്യ സംയോജനം പൂർത്തീകരിച്ചിട്ടില്ല. ഇത് കാരണം ഒരു സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്യുന്ന ബില്ലുകൾ സാംഖ്യയിലും ജനറേറ്റ് ചെയ്യേണ്ട സാഹചര്യമുണ്ടാക്കുന്നു.

ഉദാ -: പഞ്ചായത്തിലെ ശമ്പള ബില്ലുകൾ തയ്യാറാക്കുന്നതിനും എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ നിർവ്വഹിക്കുന്നതിനുമുള്ള സ്ഥാപന സോഫ്റ്റ്‌വെയറിൽ നിന്നും തയ്യാറാക്കുന്ന ശമ്പള ബില്ലുകളും വിവിധ റിക്കവറികളും സോഫ്റ്റ്‌വെയറുകൾ തമ്മിൽ ബന്ധിപ്പിക്കാത്തതിനാൽ സാംഖ്യയിലും ആവർത്തിക്കേണ്ടി വരുന്നു. ഇത് കാരണം ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കപ്പെടുന്നതിന് പകരം ഇരട്ടിപ്പിക്കുകയാണ് ചെയ്യുന്നത്.

7) പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളുടെ 2017 മാർച്ച് മാസത്തിലെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 3 മാസ കാലാവധി കഴിഞ്ഞ ചെക്കുകൾ ദീർഘ കാലമായി അക്കൗണ്ടിൽ നിന്നും പിൻവലിക്കപ്പെടാതെയിരിക്കുന്നതായ് കാണുന്നു. കാലാവധി കഴിഞ്ഞ ചെക്കുകൾ ബാങ്കിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും മേൽ ചെക്കുകൾ റദ്ദ് ചെയ്തതായി കണക്കാക്കി വാർഷിക കണക്കുകളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതുമാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബാങ്ക് അക്കൗണ്ടിന്റെ വിശദാംശം | കാലാവധി പിന്നിട്ട ചെക്കുകളുടെ ആകെ തുക | റിമാർക്സ് |
|---|---|---|---|
| 1 | മന്തരത്തൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (തനത് ഫണ്ട്) | ₹ 11675 | 06.12.2014 മുതൽ 19.05.2016 തീയതി വരെയുള്ള ചെക്കുകൾ |
| 2 | കോർപറേഷൻബാങ്ക് (എം.ജി.എൻ.ആർ.ഇ.ജി.എസ്) | ₹ 14272 | 15.09.2011 മുതലുള്ള ചെക്കുകൾ |

## 2-2 വസ്തു നികുതി-പൊതു അപാകതകൾ

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതിയുമായി ബന്ധപ്പെട്ട അസസ്മെന്റ് രജിസ്റ്ററുകൾ,നികുതി നിർണ്ണയ ഫയലുകൾ,സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഡിജിറ്റൽ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ നികുതി നിർണ്ണയത്തിലും വസ്തുനികുതി പരിഷ്കരണത്തിലും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.വസ്തു നികുതി പരിഷ്കരണത്തിലെ അപാകതകൾ

i) സഞ്ചയ റിപ്പോർട്ട് പ്രകാരം 189 കെട്ടിടങ്ങളുടെ ബേസ് ഡാറ്റാ എന്ട്രി പൂർത്തീകരിക്കാനുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ പൂർണ്ണമായും സഞ്ചയയിൽ രേഖപ്പെടുത്തി ഡിജിറ്റൽ സിഗ്നേച്ചർ രേഖപ്പെടുത്തിയാൽ മാത്രമെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡി.സി.ബി പത്രിക പൂർണ്ണമാവുകയുള്ളൂ.ഇപ്രകാരം വിട്ടുപോയതും രേഖപ്പെടുത്താൻ അവശേഷിക്കുന്നതുമായ ഓരോ പഴയ കെട്ടിടത്തിന്റെയും വിശദാംശങ്ങൾ ഡിജിറ്റൽ സൈൻ ചെയ്ത് ആധികാരികമാക്കുന്ന മുറക്ക് നിലവിൽ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്ന ഡി.സി.ബി പത്രികയിലെ തുകകൾ വ്യത്യാസപ്പെടാനിടയുണ്ട്. സോഫ്റ്റ്‌വെയറിന്റെ യാതൊരു സാക്ഷ്യപ്പെടുത്തലുകളുമില്ലാത്ത എക്സൽ ഫോർമാറ്റിലുള്ളതും തിരുത്തലുകൾ വരുത്താവുന്നതുമായ ഒരു ഡി.സി.ബി പത്രികയാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. തിരുത്തലുകൾ വരുത്തുന്നതിന് സാധ്യത നൽകുന്ന വിധത്തിലുള്ള ഡി.സി.ബി റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ടതാണ്.

ii) 2013-14 ന് മുൻപുള്ള കെട്ടിടനികുതി കുടിശ്ശിക വിവരങ്ങൾ പൂർണ്ണമായും സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാ. വാർഡ് നം-12 ലെ 12/57 നമ്പർ കെട്ടിടത്തിന്റെ 2013-14 ന് മുൻപുള്ള വസ്തുനികുതി കുടിശ്ശികയുടെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല.ഇക്കാരണങ്ങളാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായിരിക്കുന്ന വസ്തുനികുതി കുടിശ്ശിക തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

iii) വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ എന്നിവരുടെ ഉടമസ്ഥതയിലുള്ളതും യഥാർത്ഥ താമസത്തിനുപയോഗിക്കുന്നതുമായ ഭവനങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച 02.07.2013 ലെ സ.ഉ.(എം.എസ്) നം-242/2013/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ ക്രമ നം-7 ൽ ഇപ്രാകാരമുള്ള ഇളവുകൾക്കുള്ള അപേക്ഷകൾ ഏപ്രിൽ 10 ന് മുമ്പായി സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ക്രമ നം- 6 ൽ നികുതി ഇളവ് അനുവദിക്കുന്ന വിവരം വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കേറ്റിലോ, സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്ര വെച്ച് നൽകേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ 2016-17ൽ അനുവദിച്ച അപേക്ഷകളിൽ മേൽപ്പറഞ്ഞ നിബന്ധനകൾ പാലിക്കപ്പെട്ടില്ല. 31 കെട്ടിടങ്ങൾക്ക് 2016-17 ൽ ഇപ്രകാരം നികുതിയിളവ് അനുവദിച്ചിട്ടുണ്ട്.എന്നാൽ 9 അപേക്ഷകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.

iv) 24.02.2015 തീയതിയിലെ 36/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം (എസ്.ആർ.ഒ 100/2015) ഭേദഗതി ചെയ്യപ്പെട്ട നികുതി നിരക്കുകൾ പഞ്ചായത്ത് നിശ്ചയിക്കുകയോ വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്തിട്ടില്ല.

v) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഓഡിറ്റ് തീയതിയിൽ 41 രശീതുകൾ മാപ്പിംഗ് പൂർത്തീകരിക്കുന്നതിന് കുടിശ്ശികയുള്ളതായി കാണുന്നു.ഇക്കാരണത്താൽ സഞ്ചയ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വസ്തുനികുതി പിരിവ് തുകയുടെയും കുടിശ്ശിക തുകയുടെയും കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

2.സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകതകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ് വസ്തു നികുതി നിർണ്ണയ,പരിഷ്കരണ നടപടികൾ നിർവ്വഹിക്കുന്നത്. സോഫ്റ്റ്‌വെയർ സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

i) വസ്തുനികുതി ഡിമാന്റ് പത്രികയുടെ സംക്ഷിപ്തത്തിൽ മുൻവർഷം അധികമായി വാങ്ങിച്ച തുക ബുക്ക് അഡ്ജസ്റ്റ്മെന്റായി രേഖപ്പെടുത്തി ഡിമാന്റിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.എന്നാൽ ഏതെല്ലാം ഡിമാന്റുകൾക്കാണ് ഇപ്രകാരം ഇളവനുവദിക്കുന്നതെന്ന് വിശദമാക്കുന്ന പട്ടിക സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമാകുന്നില്ല.ഇക്കാരണത്താൽ ഡിമാന്റിൽ നിന്നും ബുക്ക് അഡ്ജസ്റ്റ്മെന്റ് പ്രകാരം കുറവ് ചെയ്ത തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

ii) നികുതി നിർണ്ണയം, പിരിവ്, പരിഷ്കരണം എന്നിവയ്ക്ക് സഹായകമാവുന്ന തരത്തിലുള്ള വിവരങ്ങൾ ക്രോഡീകരിച്ച് നൽകുന്നതിന് സോഫ്റ്റ്‌വെയറിന് സാധിക്കുന്നില്ല.

ഉദാ : കാലഹരണ സമയ പരിധിയിലെത്തി നിൽക്കുന്ന കെട്ടിടങ്ങളുടെ നികുതി വിവരങ്ങൾ പ്രത്യേക റിപ്പോർട്ടായി ലഭ്യമാകുന്നില്ല.ആയതിനാൽ ഇത്തരം കെട്ടിടങ്ങളുടെ നികുതി പിരിവിന് അടിയന്തിര പ്രാധാന്യം നൽകി പിരിച്ചെടുക്കുന്നതിന് സ്ഥാപനത്തിന് സാധിക്കുന്നില്ല.

iii) സോഫ്റ്റ്‌വെയറിലെ ഡിജിറ്റൽ റിപ്പോർട്ടുകൾ പരിശോധിക്കുന്നതിന് ഓഡിറ്റർക്ക് ലോഗിൻ സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

iv) ഒരു നിശ്ചിത സമയ പരിധിയിലെ കെട്ടിടങ്ങളുടെയോ, വസ്തു നികുതിയുടെയോ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിന് സോഫ്റ്റ്‌വെയറിൽ സംവിധാനമില്ല.

ഉദാ-: 2016-17 വർഷത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ റിപ്പോർട്ട് സഞ്ചയയിൽ നിന്നും ലഭ്യമാകുന്നില്ല.

3.വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ

i) 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം.2(എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്ന് നിഷ്കർഷിക്കുന്നത്. എന്നാൽ ചട്ടം 4(1)ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഒറ്റ ഉപയോഗ ക്രമത്തിലുള്ളതും ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ. കൂടാതെ 250 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുമ്പോൾ 2013 ലെ വസ്തു നികുതി ഭേദഗതി ചട്ടത്തിലെ (സ.ഉ.(അച്ചടി).നം.88/2013/ത.സ്വ.ഭ.വ തീയതി.13.03.2013) ആറാം പട്ടിക പ്രകാരം അവയുടെ തറനിർമിതിക്ക് ഇറ്റാലിയൻ മാർബിളോ ഗ്രാനൈറ്റോ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അടിസ്ഥാന വസ്തു നികുതിയിൻ മേൽ വരുത്തേണ്ട15% വർദ്ധനയും വരുത്താൻ സാധിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിനു 60/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഒരൊറ്റ ഉപയോഗക്രമമുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിക്കുന്നതിലൂടെ ഗ്രാമപഞ്ചായത്തിനു വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനം | വാർഡ് നം/ കെട്ടിട നമ്പർ/ ഉപയോഗ ക്രമം | ഉടമസ്ഥന്റെ പേര് | പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരമുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | ബാധകമായ വസ്തുനികുതി നിരക്ക് /ഉപയോഗ ക്രമം | ഇടാക്കേണ്ടിയിരുന്ന വസ്തു നികുതി. | സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ ഉപയോഗ ക്രമം, നിരക്ക് | ഈടാക്കിയ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|
| 1 | 3/242 എ,<br>3/242 ബി, 3/242സി.<br>തറവിസ്തീർണ്ണം 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | കുഞ്ഞിശങ്കരകുറുപ്പ്, അമ്മാരപ്പള്ളി, വടകര. | 155.89 | 60/<br>100 ച.മീ ന് മുകളിലുള്ള വാണിജ്യാവശ്യം | അടിസ്ഥാന വസ്തുനികുതി- 9353.4<br>വർദ്ധനവ്-(+20%)<br>ഇളവ്- ഇല്ല<br>ആകെ-11224 | 40/<br>100 ച.മീ വരെയുള്ള വാണിജ്യാവശ്യം | 7483 | 3741 |
| 2 | 14/609 എ മുതൽ ആർ വരെ.<br>തറവിസ്തീർണ്ണം 100 ച.മീറ്ററിന് | ഇബ്രാഹിം ,കുഞ്ഞബ്ദുള്ള മീത്തലെ എടക്കരാട്ട്. | 410.31 | 60/<br>100 ച.മീ ന് മുകളിലുള്ള | അടിസ്ഥാന വസ്തുനികുതി- 24618.6 | 40/<br>100 ച.മീ വരെയുള്ള | 19105 | 10437 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | | | വാണിജ്യാവശ്യം | വർദ്ധനവ്-(+20%) (തറനിർമ്മിതിയുടെ വിശദാംശങ്ങൾ ലഭ്യമല്ല) ഇളവ്- ഇല്ല ആകെ- 29542 | വാണിജ്യാവശ്യം | | |
| ആകെ | | | | | | | | 14178 |

കെട്ടിടത്തിന് ബാധകമായ ഉപയോഗക്രമവും നികുതി നിരക്കും തെറ്റായി രേഖപ്പെടുത്തിയത് മൂലം ഗ്രാമപഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. ചട്ടവിരുദ്ധമായി ഒരേ ഉപയോഗക്രമത്തിനുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നമ്പറുകൾ അനുവദിക്കുമ്പോൾ ഒരു കെട്ടിടം എന്ന രീതിയിൽ പരിഗണിക്കാതെ ഒരോ കെട്ടിടനമ്പറിനും ബാധകമായ വിസ്തീർണ്ണത്തിനനുസരിച്ചാണ് ഉപയോഗക്രമവും നികുതി നിരക്കും നിശ്ചയിക്കുന്നത്. പ്രായോഗിക പ്രശ്നങ്ങളെ മുൻനിർത്തി ഇപ്രകാരം ഒരു ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകുമ്പോൾ ഉപയോഗക്രമം മുഴുവൻ കെട്ടിടത്തിന് ബാധകമായ രീതിയിൽ കണക്കാക്കി സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം തെറ്റായ രീതിയിൽ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തുനികുതി പരിഷ്കരണം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ii) അജിത, റീഷ്മ, ചെറുവത്ത് കണ്ടി,മലാപറമ്പത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ള വാർഡ് 16 ലെ കെട്ടിടത്തിന് 299.എ മുതൽ എഫ് വരെ നമ്പറുകൾ അനുവദിച്ച് ഓരോ നമ്പറിനും വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്.എന്നാൽ 16/299.ഡി നമ്പർ കെട്ടിടത്തിന്റെ ഫോറം 6 സെക്രട്ടറി സഞ്ചയയിൽ ഡിജിറ്റൽ സൈൻ ചെയ്ത് ആധികാരികമാക്കിയിട്ടില്ല.ഇക്കാരണത്താൽ കെട്ടിടത്തിന്റെ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കപ്പെട്ടില്ല.

iii) കുപ്പേപൊയിൽ മൂസ, ഉണ്ടിലാണ്ടിയിൽ കുഞ്ഞാമി,മുതുവനശ്ശേരി അബ്ദുൾ സലാം, എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ പൂർത്തീകരണ സാക്ഷ്യപത്ര പ്രകാരം (ഫയൽ നം-ബി1-2015/16,തീയതി.27.04.2016 ) കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 291.21 ച.മീറ്ററാണ്. ആയതിൽ 202.45 ച.മീ നിലവിലുള്ളതായാണ് രേഖപ്പെടുത്തിയത്.എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ 105.82 ച.മീ തറവിസ്തീർണ്ണത്തിന് മാത്രമാണ് നിലവിൽ നികുതി ഈടാക്കിയിട്ടുള്ളത്. നിലവിലുള്ള വിസ്തീർണ്ണമായി പൂർത്തീകരണ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയ തറവിസ്തീർണ്ണത്തിൽ കുറവ് വന്ന 96.63 ച.മീ തറ വിസ്തീർണ്ണത്തിന് ആനുപാതികമായ നിരക്കിൽ നികുതി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-3 പുഴ-പുറമ്പോക്കുകളെ സംബന്ധിച്ച രേഖകളില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218(1) മുതൽ 218(4) വരെയുള്ള വകുപ്പുകൾ പ്രകാരം ആക്ട് നിലവിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും ,നീരുറവകളും,ജലസംഭരണികളും,നദികളുടെ തടങ്ങളും തീരങ്ങളും ,തടാകങ്ങളും ചെറുകായലുകളും ,നീരുറവകളും കുളങ്ങളും നീർത്തടങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപോകുന്നതുമായ എല്ലാജലവും നീരുറവകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു. മേൽ വകുപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്ന അവകാശങ്ങളും ബാദ്ധ്യതകളും നിർവ്വഹിക്കുന്നതിന് സഹായകമാകും വിധം ഗ്രാമപഞ്ചായത്ത് പുഴപുറമ്പോക്കുകളെ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ അതിരുകളിലൂടെ ഒഴുകുന്ന കുറ്റ്യാടിപുഴയിൽ സ്വകാര്യവ്യക്തികൾ പുഴയോരത്തെ ഭൂമിയോട് ചേർന്ന് സംരക്ഷണ ഭിത്തികൾ നിർമ്മിച്ചതായും കാണുന്നു.ഇപ്രകാരം സംരക്ഷണ ഭിത്തി കെട്ടി വേർതിരിച്ച അതിരുകളുടെ ആധികാരികത പരിശോധിച്ചുറപ്പിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 242-ാം വകുപ്പും 1996ലെ കേരള പഞ്ചായത്ത് രാജ് (വില്ലേജ് ആഫീസർമാർ നിർവ്വഹിക്കേണ്ട കർത്തവ്യങ്ങൾ) ചട്ടങ്ങൾ പ്രകാരവും റവന്യൂ വകുപ്പിന്റെ സഹായം ലഭ്യമാക്കി, പുഴ പുറമ്പോക്കുകൾ ഉണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ അവ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതുമാണ്.

## 2-4 രസീത് പിരിവ് പഞ്ചായത്തിൽ അടവാക്കിയില്ല.

ശ്രീ.സുധാകരൻ.കെ.കെ,ക്ലാർക്കിന് 17.01.2017ന് അനുവദിച്ച 29122 നമ്പർ രസീറ്റ്ബുക്കിലെ (സ്റ്റോക്ക് രജിസ്റ്റർ പേജ് 43) 31 മുതൽ35 വരെയുള്ള രസീറ്റുകളിൽ നിന്നും 31.01.2017ന് പിരിവെടുത്ത പണം പഞ്ചായത്തിൽ അടവാക്കിയിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് സെക്രട്ടറി നൽകിയ മറുപടിയിൽ ശ്രീ.സുധാകരൻ.കെ.കെ,ക്ലാർക്ക് കുടുബശ്രീ പ്രവർത്തകർക്ക് നൂറുശതമാനം നികുതി പിരിവാക്കുന്നതിന് വേണ്ടി രസീത് ബുക്ക് നൽകിയതായും ആകസ്മിക കാരണങ്ങളാൽ നികുതി പിരിവ് പൂർത്തിയാക്കാതെ കുടുംബശ്രീ പ്രവർത്തകർ രസീത് ബുക്ക് തിരിച്ചേൽപ്പിച്ചതായും ശ്രദ്ധക്കുറവ് മൂലം രസീത് ബുക്ക് അപ്പോൾ പരിശോധിക്കാൻ വിട്ടുപോയതായും അറിയിച്ചിട്ടുണ്ട്. 16.08.07ലെ 117080102052നമ്പർ രസീത് പ്രകാരം മേൽ തുക (3110/-രൂപ) അടവാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 2-5 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

Iതൊഴിൽ നികുതി റിട്ടേണുകൾ,രജിസ്റ്ററുകൾ എന്നിവ പരിശോധനയിൽ താഴെ കൊടുത്ത ബിൽഡിംഗ് സൂപ്പർവൈസർ മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1ആർ.വി.രാജേഷ്,ഗ്രാഫ് ടെക് എൻഞ്ചിനീയേർസ്,കോട്ടപ്പള്ളി,വടകര

2അനിൽകുമാർ.സി.കെ,ന്യൂടെക്ക്എൻഞ്ചിനീയേർസ്,തിരുവള്ളൂർ

3രജനി.കെ.ബി,വി.കെ.എൻ.ഡിസൈനേർസ്,വള്ള്യാട്

4മുനീർ.ടി.പി,തൈവച്ചപറമ്പ്,തിരുവള്ളൂർ

5വിജീഷ് പുതിയപുരായിൽ,എ.എം.വി ബിൽഡേഴ്സ്,തിരുവള്ളൂർ റോഡ്

6സജീവൻ.പി.കെ,ചെമ്മരത്തൂർ,വടകര

7സുധീരൻ.കെ.എം,കെ.എം ബിൽഡേർസ്,തിരുവള്ളൂർ

8അബ്ദുറഷീദ്.എം.പി,ഹൈപ്പർടെക്ക് എൻഞ്ചിനിയേർസ്,തിരുവള്ളൂർ

9.സൂരജ്.ആർ,ഗ്രാഫ് ടെക് എൻഞ്ചിനീയേർസ്,കോട്ടപ്പള്ളി,വടകര

10.ഇല്ല്യാസ്.ടി.എൻ,നെല്ലിയുള്ളതിൽ ഹൗസ്,കീഴാൽ പി.ഒ,വടകര

II.ആധാരമെഴുത്തുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ പറഞ്ഞവരിൽ നിന്നും നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 വാടകമുറി മേൽവാടകയ്ക്ക് നൽകി

നീലിപിലാക്കണ്ടി നസീർ വാടകയടച്ച് കൈവശം വെച്ച് വരുന്ന സ്റ്റാൾ നമ്പര് 2 മേൽ വാടകയ്ക്ക് നൽകിയതിനെ കുറിച്ച് ആയത് തെളിയിക്കുന്ന എഗ്രിമെന്റ് സഹിതം ശ്രീ.എം.കെ.സുമോദ് പരാതി നൽകിയിട്ടുണ്ട് (സി.2794/16 തീയതി – 10.05.2016). 13.6.16ലെ ബോർഡ് മീറ്റിംഗ് തീരുമാനനമ്പർ 3 പ്രകാരം ഇതിൽ നിയമോപദേശം തേടാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയെങ്കിലും(മിനുട്സ് ബുക്ക് പേജ്297) തുടർ നടപടികൾ എടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 5/16-17ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് വാടകക്ക് നൽകിയ കെട്ടിടം വാടകക്കാരൻ അനധികൃതമായി മേൽ വാടകക്ക് നൽകിയതിനെതിരെ നടപടികൾ

സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 ബിൽഡിംഗ് പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

ബിൽഡിംഗ് പെർമിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധനയിൽ, പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് കാണുന്നു.വിശദവിവരം താഴെ നല്കുന്നു.

| കരൻെറ് നമ്പർ,തീയ്യതി | പേര്,മേൽവിലാസം | പ്ലിന്ത് ഏരിയ | തരം | ഈടാക്കേണ്ട പെർമിറ്റ് ഫീ | ഈടാക്കിയ പെർമിറ്റ് ഫീ | കുറവ് |
|---|---|---|---|---|---|---|
| 2344/16 | മെഹറൂഫ് നാലുപുരക്കൽ,കുഞ്ഞമ്മദ് ചാലിൽ,ചാലിൽ അഫീഫ | 393.70 | വാണിജ്യം | 2756 | 2667/- 13.7.16 | 89 |
| 2535/16 27.04.16 | സുലെഖ തലവഞ്ചേരി | 174.23 | റെസിഡെൻഷ്യൽ | 871 | 244/- 11.05.16 | 627 |
| 2883/16 18.05.16 | അബ്ദുൾ റഹീം,കരിമ്പാക്കണ്ടിയിൽ | 387.25 | റെസിഡെൻഷ്യൽ(റഗുലറൈസ്) | 3873 | 3100/- 29.06.16 | 773 |
| 5355/16 31.08.16 | പുല്ലിച്ചേരികുഞ്ഞമ്മദ് കുമുള്ളിമീത്തൽ | 218.78+ 13.68 | റെസിഡെൻഷ്യൽ(റഗുലറൈസ്) | 2325 | 2190/- 18.10.16 | 135 |
| 5363/16 31.08.16 | യൂസഫ്,സൗധ കുറ്റിക്കാട്ടിൽ | 226.56 | റെസിഡെൻഷ്യൽ(റിന്യൂവൽ) | 567 | 508/- 22.10.16 | 59 |
| 6778/16 | രാജൻ,ലക്ഷ്മികുട്ടി തയ്യിൽ താമസിക്കും ചിരികണ്ടോത്ത് | 195.84 | റെസിഡെൻഷ്യൽ | 980 | 875/- 13.12.16 | 105 |
| 523/16 18.01.17 | കണ്ണൻ,നാരായണി കക്കാട്ടുകുന്നുമ്മൽ | 183.13 | റെസിഡെൻഷ്യൽ | 916 | 308/- 17.03.17 | 608 |
| ആകെ | | | | | | 2396 |

പെർമിറ്റ് ഫീ ഈടാക്കിയതിൽ വന്ന കുറവ് അപേക്ഷകരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് ഓഫീസിനു മുന്നിൽ പണിപുരോഗമിക്കുന്ന കെട്ടിടത്തിന് പെർമ്മിറ്റ് നല്കിയതിന്റെ ഫയൽ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. ഫയൽ പരിശോധനക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ:അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ(ഹോമിയോ)

പ്രൊജക്ട് നമ്പർ: 13/17

ബിൽ നമ്പർ,തുക: 1/19-01-2017, 250,000/-

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്നവാങ്ങുന്നതിനായി ബിൽ നമ്പർ 1/19-01-2017ആയി മാറിയ 250,000/-രൂപ കേരള ഹോമിയോപതിക് കോ-ഓപറേറ്റീവ് ഫാർമസി ലിമിറ്റഡ് (HOMCO) എന്ന സ്ഥാപനത്തിന് ഡി.ഡി.നം.022508/17-01-2017 പ്രകാരം ഹോമിയോ മരുന്ന ലഭ്യമാക്കുന്നതിനായി അഡ്വാൻസ് നല്കിയിട്ടുണ്ട്.ഡിപ്പാർട്ടുമെന്റിൽ നിന്നും മരുന്നുകൾ ലഭ്യമാവാത്ത സാഹചര്യത്തിൽ മാത്രമേ പുറമെ നിന്നും മരുന്നുകൾ വാങ്ങാൻ അനുവാദമുള്ളൂ.ഡിപ്പാർട്ടുമെന്റ് സ്റ്റോറിൽ നിന്നും മരുന്ന കിട്ടാതെ വരുന്ന സാഹചര്യത്തിൽ ആശുപത്രിയിൽ മരുന്ന ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് മരുന്ന വാങ്ങുമ്പോൾ അടിയന്തിര പ്രാധാന്യത്തോടെ ആശുപത്രിയിൽ മരുന്ന് എത്തിക്കേണ്ടതായിരുന്നു.എന്നാൽ പണം നല്കി നാളിതുവരെയായിട്ടും 116,419/-രൂപയുടെ മരുന്ന മാത്രമേ HOMCO യിൽ നിന്നും ലഭ്യമായിട്ടുള്ളൂ.തുക നൽകി ഏഴു മാസം കഴിഞ്ഞിട്ടും മുഴുവൻ തുകയുടേയും മരുന്ന് ലഭ്യമാക്കാനാവശ്യമായ നടപടി സ്വികരിച്ചിട്ടില്ല.ബാക്കി തുകയായ 133,581/-രൂപയുടെ മരുന്ന് ഉടൻ ലഭ്യമാക്കുകയോ അല്ലെങ്കിൽ ഈ തുക പിഴ സഹിതം തിരിച്ചീടാക്കുകയോ ചെയ്യേണ്ടതാണ്.

## 3-2 തുക കൈപ്പറ്റിയതിന് രേഖകളില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

1)പ്രൊജക്ട് നമ്പർ: 15/17, ഇടവിളകൃഷി വികസനം

ഡി.ഡി നമ്പർ,തുക: 335829/22-07-2017, 46,250/-

2)പ്രൊജക്ട് നമ്പർ: 15/17, പച്ചക്കറികൃഷിക്ക് വിത്ത്,വളം,കൂലിചെലവ്

ഡി.ഡി നമ്പർ,തുക: 335828/22-07-2017, 12,600/-

പ്രൊജക്ട് 1ന് ഇഞ്ചി,മഞ്ഞൾ എന്നിവ വാങ്ങിയതിന് 46250/-രൂപയും പ്രൊജക്ട് രണ്ടിൽ വാഴക്കന്ന് വാങ്ങിയതിന് 12600/-രൂപയും ആകെ മേൽ രണ്ട് പ്രോജക്ടുകളിലായി മൊത്തം 58850/-രൂപ കേരള വെജിറ്റബ്ൾ ഏൻഡ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.എന്നാൽ ഇങ്ങനെ തുക നൽകിയതിന് പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഈ തുകയ്ക്കുള്ള രശീതി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.58850/-രൂപ മേൽ സ്ഥാപനത്തിന് നൽകിയതിനുള്ള കൈപ്പറ്റ് രശീതി ഹാജരാക്കേണ്ടതാണ്.ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 3-3 എസ്.എസ്.എ വിഹിതം:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഓഡിറ്റ് എൻക്വയറി-12/2016-17

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

ബിൽ നമ്പർ,തുക: 2/31-03-2017, 100,000/-

എസ്.എസ്.എ വിഹിതമായി 100,000/-രൂപ മേൽ ബിൽ പ്രകാരം എസ്.എസ്.എ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് എസ്.എസ് എ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ഈ തുക പഞ്ചായത്തിനു വേണ്ടി വിനിയോഗിച്ചതിന്റെ വിശദമായ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-4 ഐ.എ.വൈ വിഹിതം:വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

പ്രൊജക്ട് നമ്പർ: 154/17

ബിൽ നമ്പർ,തുക: 10/16-3-2017, 380,000/-

മേൽ പ്രോജക്ട് പ്രകാരം ഐ.എ.വൈ വിഹിതമായി 380,000/-രൂപ ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ഐ.എ.വൈ ഗുണഭോക്താക്കൾക്കായി എത്ര തുക ചെലവഴിച്ചുവെന്ന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-5 കന്നുകുട്ടി പരിപാലനം:തുക നൽകിയതിനും തുക വിനിയോഗിച്ചതിനും രേഖകളില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

ബിൽ നമ്പർ,തുക: 2/20-03-2017, 312,500/-

പഞ്ചായത്തിലെ 50ക്ഷീര കർഷകരെ ഗുണഭോക്താക്കളായി തിരഞ്ഞെടുത്ത് അവരുടെ കന്നുകുട്ടികളുടെ സമഗ്ര പരിപാലത്തിനായുള്ള പദ്ധതിയിലെ പഞ്ചായത്ത് വിഹിതമായി ബിൽ നമ്പർ 2/20-03-2017 പ്രകാരം 312,500/-രൂപ അസി.ഡയരക്ടർ കന്നുകുട്ടി പരിപാലന പദ്ധതിക്ക് നൽകിയിട്ടുണ്ട്.എന്നാൽ ഈ തുക അസി.ഡയറക്ടർക്ക് ലഭിച്ചതിന്റേയും ഈ തുക പഞ്ചായത്തിലെ 50ക്ഷീര കർഷകർക്കായി വിനിയോഗിച്ചതിന്റേയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.മേൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.മേൽ രേഖകളുടെ അഭാവത്തിൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 3-6 റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് അധികനിരക്ക് നൽകി

എ) നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനനീയർ

പഞ്ചായത്തിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയതിൽ ഒരിനം 1:2:4അനുപാതത്തിൽ20 മി.മി മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റ് പ്രവൃത്തിക്ക് റോഡ്കോൺക്രീറ്റിന് എടുക്കേണ്ട ഇനമായ ഡി.എസ്.ആർ കോഡ് 4.1.3 പകരം ഫ്ളോറിങ്ങിന്റെ കോഡായ 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ പഞ്ചായത്തിന് അധിക തുക ഈ ഇനത്തിൽ നൽകേണ്ടി വന്നിട്ടുണ്ട്.കൺവീനർക്ക് നൽകേണ്ടിയിരുന്ന5753.23 രൂപയും അതിന്റെ കോസ്റ്റ് ഇൻഡക്സ് 1.381കൊണ്ട് ഗുണിച്ചാൽ നൽകേണ്ട യഥാർത്ഥ നിരക്ക് 6564.21 രൂപയാണ്.എന്നാൽ ഇതിനു പകരം 6916.05 രൂപയാണ് ഈ ഇനത്തിന് അനുവദിച്ചിരിക്കുന്നത്.അധിക തുക നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ.

| പ്രവൃത്തി | കോൺക്രീറ്റ് ചെയ്ത അളവ് | നൽകിയ നിരക്ക് | തുക | നൽകേണ്ട നിരക്ക് | തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| പൂവ്വോട് ഉണിച്ചാൽ റോഡ് | 5.93 | 6916.05 | 41012 | 6564.21 | 38926 | 2086 |
| ചെമ്മരത്തൂർ അംഗൻവാടി ആലത്തൂർ റോഡ് കോൺക്രീറ്റ് | 10.8 | 6916.05 | 74693 | 6564.21 | 70893 | 3800 |
| | | | | | | 5886 |

മേൽ അപാകത കാരണം മേൽ പ്രവൃത്തികളിലായി 5886/-രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (19/24.07.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. 5886/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇത് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 ജീവനക്കാരുടെ എസ്.എൽ.ഐ. പ്രീമിയത്തിൽ കുറവ്

ധനകാര്യവകുപ്പിന്റെ 04.10.2016 തീയതിയിലെ സ.ഉ.(അച്ചടി).നം-149/2016/ധന നം.ഉത്തരവ് പ്രകാരം 01.01.2017 തീയതി പ്രാബല്യത്തിൽ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പ്രീമിയം നിരക്കുകൾ താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു.

| ശമ്പള പരിധി | ബാധകമായ നിരക്ക് |
|---|---|
| അടിസ്ഥാന ശമ്പളം ₹ 17999 വരെ | 200 |
| അടിസ്ഥാന ശമ്പളം ₹ 18000 മുതൽ ₹ 35699 വരെ | 300 |
| അടിസ്ഥാന ശമ്പളം ₹ 35700 മുതൽ ₹ 55349 വരെ | 500 |
| അടിസ്ഥാന ശമ്പളം ₹ 55350 ന് മുകളിൽ | 600 |

ഗ്രാമപഞ്ചായത്തിലെ ചില ജീവനക്കാരിൽ നിന്നും 2016 – 17 വർഷം എസ്.എൽ.ഐ. ഇൻഷ്വറൻസ് പദ്ധതികളുടെ പ്രീമിയം ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. 2017 മാർച്ച് മാസത്തെ ശമ്പള ബില്ലിൽ നിന്നും ഈ ഇനത്തിൽ വന്ന കുറവ് ഉദാഹരണമായി നൽകുന്നു.

| ക്രമ നം | ഉദ്യോഗസ്ഥന്റെ പേര് | അടിസ്ഥാന ശമ്പളം | ഈടാക്കേണ്ട എസ് എൽ ഐ പ്രീമിയം | ഈടാക്കിയത് | കുറവ് വന്ന തുക |
|---|---|---|---|---|---|
| 1 | അനിൽ കുമാർ നൊച്ചിയിൽ, സെക്രട്ടറി | 52800 | 500 | 150 | 350 |
| 2 | രാജൻ.കെ.എം.<br>അസിസ്റ്റന്റ് സെക്രട്ടറി | 41500 | 500 | 175 | 325 |
| 3 | ഉമ്മർകുട്ടി.<br>അക്കൗണ്ടന്റ് | 33900 | 300 | 250 | 50 |
| 4 | ലതേഷ്.<br>സീനിയർ ക്ലർക്ക് | 28500 | 300 | 175 | 125 |
| 5 | സഞ്ജയൻ.പി.പി.<br>സീനിയർ ക്ലർക്ക് | 28500 | 300 | 250 | 50 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1.വിലവിവരങ്ങൾ താരതമ്യം ചെയ്യാതെ നീതി സ്റ്റോറിൽ നിന്നും വാങ്ങൽ

| പ്രൊ.നം & പേര് : | 12/2017- അനുപൂരക പോഷകാഹാര വിതരണം. |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ- | ഐ.സി.ഡി.എസ് സൂപ്പർ വൈസർ. |

| പ്രൊ.നം & പേര് : | 12/2017- അനുപൂരക പോഷകാഹാര വിതരണം. |
|---|---|
| അടങ്കൽ | 1500000 (ജനറൽ)<br>824923 (കേന്ദ്ര വിഹിതം)<br>ആകെ-2324923 |
| ചെലവ് | 1500000 (ജനറൽ)<br>781195 ( കേന്ദ്രവിഹിതം)<br>ആകെ-2281195 |

പദ്ധതി പ്രകാരം ഭക്ഷ്യവസ്തുക്കൾ വാങ്ങിയ ഇനത്തിൽ ₹ 964062 നീതി സ്റ്റോർ,ചെമ്മരത്തൂരിന് നൽകിയിട്ടുണ്ട്.04.05.2011 തീയതിയിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 54814/ഡി.സി.2/2010/ത.സ്വ.ഭ.വ നം സർക്കുലർ പ്രകാരം അംഗനവാടികൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിതരണകേന്ദ്രങ്ങളായ മാവേലിസ്റ്റോർ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിലെ വിലയിൽ അധികരിക്കാതെ ലഭിക്കുകയാണെങ്കിൽ മാത്രമെ നീതി/സഹകരണസ്ഥാപനങ്ങളിൽ നിന്നും വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിരുന്നു.

ഭക്ഷ്യവസ്തുക്കൾ മാവേലി സ്റ്റോറിൽ നിന്നും വാങ്ങാതെ നീതി സ്റ്റോറിൽ നിന്നും ക്വൊട്ടേഷൻ /ടെണ്ടർ നടപടിയില്ലാതെയാണ് വാങ്ങിയിട്ടുള്ളത്. മാവേലിസ്റ്റോറിലെ വിലവിവരവും നീതിസ്റ്റോറിലെ വിലവിവരവും തമ്മിൽ താരതമ്യം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുകയോ ആയത് പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല.മേൽ സാഹചര്യത്തിൽ നീതിസ്റ്റോറിൽ നിന്നും ഭക്ഷ്യവസ്തുക്കൾ വാങ്ങാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

ടി.എച്ച്.ആർ.എസ്. ഭക്ഷ്യമിശ്രിതം- ലാബ് പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.

കുടുംബശ്രീ യൂണിറ്റിൽ നിന്നാണ് തൻവർഷം അങ്കണവാടികൾ മുഖേന വിതരണം ചെയ്ത അമൃതം പൂരകപോഷകാഹാരം വാങ്ങിയിരിക്കുന്നത്. എന്നാൽ ഭക്ഷ്യമിശ്രിതത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പരിശോധന നടത്തിയിട്ടില്ല. സ.ഉ(എം.എസ്) 4/2016 തസ്വഭവ തീ.11/01/2016 ഖണ്ഡിക 11.9(iii) പ്രകാരം ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം കൂടെക്കൂടെ പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തണം.

2.ബി.ആർ.സി പ്രവർത്തനം വിപുലീകരിച്ചില്ല

| പ്രൊ.നം & പേര് : | 210/2017- സ്പെഷൽ സ്കൂൾ പ്രവർത്തനം |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ- | ഐ.സി.ഡി.എസ് സൂപ്പർ വൈസർ. |
| അടങ്കൽ | 200000 ( തനത് ഫണ്ട് ) |
| ചെലവ് | 120957 ( തനത് ഫണ്ട് ) |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 06.04.2013 ലെ സ.ഉ.(കൈ) നം.144/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന, യാത്ര ചെയ്യാൻ കഴിവുള്ള ഏതൊരാൾക്കും ആവശ്യമായ പകൽ പരിപാലനം,പരിചരണം ,തൊഴിൽ പരിശീലനം തുടങ്ങിയ സേവനങ്ങൾ നൽകി പുനരധിവാസ സാധ്യത ഉറപ്പ് വരുത്തുകയാണ് ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ പ്രഥമ ലക്ഷ്യം.എന്നാൽ പഞ്ചായത്തിലെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന്റെ നടത്തിപ്പിനായി 2016-17 ൽ നടപ്പാക്കിയ സ്പെഷൽ സ്കൂൾ പ്രവർത്തനം എന്ന പദ്ധതി ജീവനക്കാരുടെ വേതനം, യാത്രാചിലവ്,ഭക്ഷണ ചിലവ് എന്നീ പ്രവർത്തനങ്ങളിൽ മാത്രമായൊതുങ്ങി.

പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് തൊഴിൽ പരിശീലനം നൽകി പുനരധിവാസ പ്രവർത്തനങ്ങൾ ഉറപ്പാക്കുകയോ സാമൂഹ്യജീവിതം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യപ്പെടുകയോ ഉണ്ടായില്ല. പദ്ധതി നടത്തിപ്പിലൂടെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3.അംഗനവാടികൾക്ക് ഭൗതിക സാഹചര്യമൊരുക്കിയില്ല.

ഗ്രാമപഞ്ചായത്തിൽ 35 അംഗനവാടികളാണ് പ്രവർത്തിക്കുന്നത്.(2 മിനി അംഗനവാടി ) .31 അംഗനവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്.നാളിതുവരെയായും സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിച്ച് ഭൗതിക സാഹചര്യം ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-9 ഫണ്ട് വിനിയോഗത്തിൽ വീഴ്ച

തിരുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16, 2016-17 വർഷങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് ലഭ്യമായ വിവിധയിനം ധനസ്രോതസ്സുകളുടെ വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

2015-16

| ക്രമ നം | ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ ബഡ്ജറ്റ് അലോട്ട്മെന്റ് | ആകെ | പദ്ധതി പ്രവർത്തനങ്ങൾക്ക് അടങ്കൽ ചെയ്ത തുക | ചെലവ് (ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക ഒഴികെ ) | ബജറ്റ് വിഹിതത്തിൽ നിന്നും വിനിയോഗിക്കാതെ ലാപ്സായ തുക | ചെലവ് ശതമാനം (ബജറ്റ് വിഹിതം അടിസ്ഥാനപ്പെടുത്തി) |
|---|---|---|---|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 2552196 | 21211713 | 23763909 | 12851657 | 9575977 | 13924407 | |
| 2 | പ്ലാൻ ഫണ്ട് SCP | 1175591 | 2268000 | 3443591 | 3443591 | 953150 | 2490441 | 27.7 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4057818 | 4437622 | 8495440 | 8495440 | 5660155 | 2835285 | 66.62 |
| 4 | ലോകബാങ്ക് ധനസഹായം | 2984066 | 0 | 2984066 | 2984066 | 2564425 | 419641 | 85.94 |
| 5 | മെയിന്റനൻസ് ഗ്രാന്റ് | 5291625 | 8573000 | 13864625 | 13864625 | 5157571 | 8707054 | 37.2 |
| ആകെ | | 1606126 | 36490335 | 52551631 | 41639379 | 23911278 | 28376828 | 57.42 |

2016-17

| ക്രമ നം | ഫണ്ടിനം | തൻ വർഷ ബഡ്ജറ്റ് അലോട്ട്മെന്റ് | ചെലവ് (ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക ഒഴികെ ) | ബജറ്റ് വിഹിതത്തിൽ നിന്നും വിനിയോഗി | ചെലവ് ശതമാനം (ബജറ്റ് വിഹിതം |
|---|---|---|---|---|---|

| | | | | ക്കാതെ ലാപ്സായ തുക | അടിസ്ഥാന പ്പെട്ടുത്തി) |
|---|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 14103676 | 12410211 | 1693465 | 88 |
| 2 | പ്ലാൻ ഫണ്ട് SCP | 2540178 | 850000 | 1690178 | 33.46 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7909260 | 5308249 | 2601011 | 67 |
| 4 | ലോകബാങ്ക് ധനസഹായം | 4561707 | 131062 | 4430645 | 2.87 |
| 5 | മെയിന്റനൻസ് ഗ്രാന്റ് | 9812676 | 6954578 | 2858098 | 70.87 |
| ആകെ | | 38927497 | 25654100 | 13273397 | 65.9 |

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ധനസ്രോതസ്സുകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. 2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമായിരുന്ന 52551631 രൂപയിൽ 23911278 രൂപ ചെലവഴിക്കാൻ മാത്രമെ സ്ഥാപനത്തിന് കഴിഞ്ഞുള്ളൂ. ചെലഴിക്കാൻ കഴിയാത്തത് മൂലം 28376828 രൂപ 2015-16 ൽ നഷ്ടപ്പെടുകയുണ്ടായിട്ടുണ്ട്. 2015-16 ലെ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടായ വീഴ്ചകൾ ഗൗരവമായെടുത്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താത്തത് മൂലം അപാകതകൾ 2016-17 ലും ആവർത്തിക്കുകയും ഫണ്ട് നഷ്ടപ്പെടുന്നതിന് കാരണമാവുകയും ചെയ്തു.ഇപ്രകാരം 2016-17 വർഷത്തിൽ 13273397 രൂപ സഞ്ചിത നിധിയിലേക്ക് തിരികെ പോയിട്ടുണ്ട്. വിവിധ പദ്ധതി പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ തുക ചെലവഴിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ 2016-17പദ്ധതി നിർവ്വഹണ വിശദാംശങ്ങൾ

| ക്രമനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാത്ത തുക | ചെലവ് % |
|---|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 10 | 7 | 3038969 | 2474860 | 564109 | 81 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | 159 | 73 | 42398191 | 14065863 | 28332328 | 33.2 |
| 3 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 3 | 3750000 | 850000 | 2900000 | 22.67 |
| 4 | കൃഷിഓഫീസർ | 4 | 4 | 768400 | 573100 | 195300 | 74.5 |
| 5 | വെറ്റിനററി സർജൻ | 6 | 6 | 3417725 | 2741158 | 676567 | 80 |
| 6 | മെഡിക്കൽ ഓഫീസർ പി എച്ച് സി | 1 | 1 | 364830 | 316899 | 47931 | 86.9 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | ഐ സി ഡി എസ് സൂപ്പർവൈസർ | 6 | 6 | 5455923 | 5098168 | 357755 | 93.4 |
| 10 | ഹെഡ് മാസ്റ്റർ | 7 | 4 | 787000 | 318875 | 468125 | 40.5 |

പ്രധാന അദ്ധ്യാപകൻ,അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ 2016-17 വർഷത്തിൽ അൻപത് ശതമാനം പോലും പദ്ധതിപണം ചെലവഴിച്ചില്ല. ലഭ്യമായ ധനസ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിലും പദ്ധതി പ്രവർത്തനങ്ങൾക്കായി വകയിരുത്തിയ തുക ചെലവഴിക്കുന്നതിലും വീഴ്ചയുണ്ടായി. പദ്ധതി പണം ചെലവഴിക്കുന്നതിലുണ്ടായ വീഴ്ച മൂലം ഫണ്ട് നഷ്ടപ്പെടാനിടയായ സാഹചര്യം പരിശോധിക്കേണ്ടതും അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-10 തെരുവ് വിളക്ക്,തെരുവ് ടാപ്പ്- സംയുക്ത പരിശോധന നടത്തിയില്ല.

തിരുവല്ലൂർ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾക്കും തെരുവ് ടാപ്പുകൾക്കും പ്രതിമാസം യഥാക്രമം ₹ 24622, ₹ 49000 ചാർജ്ജിനത്തിൽ ചെലവഴിക്കുന്നുണ്ട്.എന്നാൽ പ്രസ്തുത ബില്ലുകൾക്ക് കാരണമായ നിരക്കുകൾ നിശ്ചയിക്കുന്നതിന് കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവരുമായ് ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

28.9.2011 ലെ സ.ഉ.(സാധാ)നം.2242/2011/ത.സ്വ.ഭ.വ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സ്ട്രീറ്റ് ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. തിരുവല്ലൂർ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ ടാപ്പുകളെ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.. ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ആയതിന്റെ റിപ്പോർട്ട് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.തെരുവ് വിളക്കുകളെ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി കാലികമാക്കേണ്ടതും കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയ്യതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | പ്രോജക്ടിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് | -- | 250000 | പാലിന് സബ്സിഡി വിതരണം | 250000 | 0 | പൂർത്തീകരിച്ചു. |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം. തിയ്യതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി 1 | 533/10 തീയതി 18/02/2010 | 2010-11 മുതൽ | 0 | 3527800 | 0 | 0 | 3527800 |
| ഇ.എം.എസ് ഭവനപദ്ധതി 2 | 162/13 തീയതി 26/04/2013 | 2014-15 മുതൽ | 500000 | 1095291 | 1000000 | 0 | 95291 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3165914 |
| തൻവർഷം നിക്ഷേപിച്ച തുക | 500000 |
| ആകെ | 3665914 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3958761 (292847/-രൂപ പലിശയുൾപ്പെടെ) |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിൻറെ വിവരം | തുക |
|---|---|
| FD No 2131 മന്തരത്തുർ സർവീസ് കോ-ഓപറേറ്റീവ് ബാങ്ക് | 1009278 |
| FD NO 2797 മന്തരത്തുർ സർവീസ് കോ-ഓപറേറ്റീവ് ബാങ്ക് | 674268 |
| FD NO 4479 മന്തരത്തുർ സർവീസ് കോ-ഓപറേറ്റീവ് ബാങ്ക് | 1775215 |
| FD NO 100171807520007 കെ.ഡി.സി ബാങ്ക്,തിരുവള്ളൂർ | 500000 |
| ആകെ | 3958761 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99 | 35 | മൺപാത്ര നിർമ്മാണ യൂണിറ്റ് പ്രവർത്തനം ഇതുവരെ ആരംഭിച്ചില | |
| 2000-01 | ----- | പൊതു വിഭാഗം -പോഷകാഹാര വിതരണം-ഭക്ഷണ സാധനങ്ങൾ വാങ്ങിയതിലെ അപാകതകൾ | |
| 2001-02 | ------ | പൊതു വിഭാഗം -പോഷകാഹാര വിതരണം-ഭക്ഷണ സാധനങ്ങൾ വാങ്ങിയതിലെ അപാകതകൾ | |
| 2002-13 | 2(1) | ഗ്രാമ പഞ്ചായത്തുകൾ -കെട്ടിട നികുതി , തൊഴിൽ നികുതി,തനത് വരുമാനം യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. | |
| 2002-03 | 3(4) | മണൽ വിൽപ്പന-റിവർ മാനേജ്മെന്റ് ഫണ്ട് അടച്ചതിന് കാഷ് രശീതി നൽകുന്നില്ല. | |
| 2002-03 | 3(2) | തനത് ഫണ്ടിൽ നിന്ന് കുടിവെള്ള ജലസേജന പദ്ധതികൾക്ക് വൈദ്യുതി ചാർജ്ജ് നൽകി. | |
| 2002-03 | 3(14) | സർക്കാർ നിർദ്ദേശങ്ങൾ ചട്ടങ്ങൾ സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിച്ചില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 48492196 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 43546958 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 14178 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ | : | 5891 |

| | | |
|---|---|---|
| അംഗീകരിക്കാത്ത തുക | | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 672431 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 14178 | | സെക്രട്ടറി, അനിൽകുമാർ നൊച്ചിയിൽ |
| 3-6 | | 5886 | അസിസ്റ്റന്റ് എഞ്ചിനീയർ, സിമി ഭാസ്കർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 133581 | മെഡിക്കൽ ഓഫീസർ ഹോമിയോ |
| 3-2 | 58850 | കൃഷി ഓഫീസർ |
| 3-3 | 100000 | ഹെഡ്മാസ്റ്റർ |
| 3-4 | 380000 | വി.ഇ.ഒ |
| 3-5 | 312500 | വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനിൽ കുമാർ നൊച്ചിയിൽ, സെക്രട്ടറി തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്, | സെക്രട്ടറി തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്, | ജ്യോതിർഗമയ, മന്തരത്തൂർ പി.ഒ, വടകര |
| സിമി ഭാസ്കർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് | മലയിൽ, ഉദുപുരം, കാസർഗോഡ് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1998-99 | എൽ.എഫ്.കെ.കെ.ഡി.(പി9)742/12 തി 07.06.12 | 4 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.(പി9)742/12തി 07.06.12 | 4 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.(പി9)742/12 തി 07.06.12 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.(പി9)742/12തി 07.06.12 | 5 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.(പി9)742/12 തി 07.06.12 | 1 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.(പി9)742/12 തി 07.06.12 | 2 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.(പി9)742/12 തി7.06.12 | 4 |
| 2006-07 | എൽ .എഫ്.കെ.കെ.ഡി(പി9)/1163/2010 തി 20.11.10 | 18 |
| 2007-08 | എൽ .എഫ്.കെ.കെ.ഡി/(പി9)/1069/2010 തി 18.07.11 | 16 |
| 2008-09 | എൽ .എഫ്.കെ.കെ.ഡി/പി5/1365/2012 തി 04.10.12 | 28 |
| 2009-10 2010-11 | എൽ .എഫ്.കെ.കെ.ഡി.(പി 5)/1296/2013 തി 11.11.13 | 15 |
| 2011-12 & 2012-13 | എൽ .എഫ്.കെ.കെ.ഡി.(പി 5)/682/14 തി 31.3.2015 | 24 |
| 2013-14& 2014-15 | എൽ .എഫ്.കെ.കെ.ഡി.(പി 5)/1388/14 തി 30.07.2016 | 21 |
| 2015-16 | എൽ .എഫ്.കെ.കെ.ഡി.(പി 5)/1592/16 തി 10.11.2016 | 12 |

## അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.കെ.ഡി/പി.5/1797/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി-20.09.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികപരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA/KKD/P.5/1797/2017

Kerala State Audit Department
District Audit Office
Civil Station, Kozhikode
Ph. 0495 – 2371012
Dated- 20.09.2017

# Audit Certificate

Certified thaht I have audited the Annual Financial Statement of Thiruvallur Grama Panchayath in Kozhikode District for the year ended on 31.03.2017 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Thiruvallur Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kozhikode.